Kerala Region Latin Catholic Bishops' Council
Carmelgiri, P.B. No. 620, U.C. College P.O., Aluva – 683102, Kerala, INDIA
Ph: +91 484 2603705, 2608833, krlcc2002@gmail.com, www.krlcc.org

*Ref: KRLCBC/JPD- 03/2017*

12/12/2017

സ്നേഹബഹു. മോൺസിഞ്ഞോർ/അച്ചാ,

കേരള ലത്തീൻ കത്തോലിക്ക കേന്ദ്രകാര്യാലയത്തിൽനിന്നും സ്നേഹാശംസകൾ!

അതീവദുഃഖത്തോടുകൂടിയാണ് ഞാനീ കത്ത് നിങ്ങൾക്ക് എഴുതുന്നത്. ഇക്കഴിഞ്ഞ നവംബർ 29, 30 തീയതികളിൽ ആഞ്ഞടിച്ച 'ഓഖി' ചുഴിക്കാറ്റിലും പേമാരിയിലും പൊലിഞ്ഞുപോയ ജീവിതങ്ങളെയും തകർന്നടിഞ്ഞ കുടുംബങ്ങളെയുമോർത്താണ് ദുഃഖം. മാധ്യമങ്ങളിലൂടെയും അല്ലാതെയും വസ്തുതകൾ നിങ്ങൾ അറിഞ്ഞിട്ടുണ്ടാവുമെന്നതിനാൽ ഞാൻ അവ വിശദീകരിക്കുന്നില്ല.

ഡിസംബർ ഒന്നാം തീയതി തന്നെ കെആർഎൽസിസിസി സെക്രട്ടറിയേറ്റിൽ ലഭ്യമായിരുന്നവർ ഒരുമിച്ച് ചെല്ലാനം, കാട്ടൂർ മുതലായ ദുരിതബാധിതപ്രദേശങ്ങളും ക്യാമ്പും തുടങ്ങി തിരുവനന്തപുരം വരെ സന്ദർശിച്ചു. രണ്ടാം തീയതി അതിരാവിലെ പൂന്തുറ, വിഴിഞ്ഞം, അടിമലത്തുറ, തൂത്തൂർ വഴി നീരോടി വരെയുള്ള തീരത്തെ ദുരിതമേഖലകൾ നേരിട്ടു സന്ദർശിച്ചു. ഹൃദയം തകർന്നു നിലവിളിക്കുന്ന അമ്മമാരോടും ഭാര്യമാരോടും സഹോദരങ്ങളോടും മക്കളോടുമൊപ്പം കണ്ണീരോടെ പ്രാർത്ഥിക്കാനല്ലാതെ മറ്റൊന്നിനും ആ സമയം സാധ്യമായില്ല. അന്ന് കടലിൽനിന്ന് മരിച്ചുകൊണ്ടുവന്ന രണ്ടു സഹോദരങ്ങളുടെ ഭവനങ്ങളിൽ പ്രാർത്ഥനാശുശ്രൂഷനടത്തി. പലവിധ വികാരങ്ങളോടെ പ്രക്ഷുബ്ധമായി പ്രതികരിച്ചുകൊണ്ടിരുന്ന തീരദേശമക്കളോടൊപ്പം ദീർഘസമയം ചിലവഴിച്ചു. മടങ്ങിപ്പോരാൻ മനസ്സനുവദിച്ചില്ലായെങ്കിലും അനവധി ജോലികൾ ഓഫീസിൽ തീർക്കേണ്ടിയിരുന്നതിനാൽ രാത്രി 10 മണിയോടെ ആലുവായിലേക്കു മടങ്ങി.

തുടർന്നുള്ള ദിവസങ്ങളിൽ മാധ്യമങ്ങളുമായും ഉദ്യോഗസ്ഥ, രാഷ്ട്രീയ നേതൃത്വങ്ങളുമായുമൊക്കെ കെആർഎൽസിസി സെക്രട്ടറിയേറ്റ് നിരന്തരമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തനങ്ങൾക്ക് പിൻബലമേകി വരുന്നു. ഡിസംബർ 10-ാം തീയതി രാത്രി വീണ്ടും തിരുവനന്തപുരത്തെത്തി 11-ാം തീയതിയിലെ രാജ്ഭവൻ മാർച്ചിൽ പങ്കെടുത്തു. തുടർന്ന് വെട്ടുകാട്, പുതിയതുറ, തുമ്പ തുടങ്ങിയ പ്രദേശങ്ങളിലെ ദുരിതബാധിതരെ സന്ദർശിച്ചു. 12 ദിവസങ്ങൾക്കുശേഷവും തങ്ങളുടെ പ്രിയപ്പെട്ടവരുടെ മടങ്ങിവരവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് കാത്തിരിക്കുന്ന സഹോദരിസഹോദരന്മാരെയും മക്കളെയും ആശ്വസിപ്പിക്കുവാൻ വാക്കുകളില്ലാതെ അല്പസമയം അവരോടൊത്തു പ്രാർത്ഥനയിൽ ചിലവഴിച്ച് മടങ്ങി. 12-ാം തീയതി കേരള ഗവർണറുമായും പിന്നീട് തമിഴ്നാട് മുഖ്യമന്ത്രിയുമായും നടത്തിയ ചർച്ചകളിലും കെആർഎൽസിസി സെക്രട്ടറിയേറ്റ് പ്രതിനിധികൾ പങ്കെടുത്തു.

11-ാം തീയതി ഉച്ചകഴിഞ്ഞ് തിരുവനന്തപുരം ആർച്ച്ബിഷപ്പ് ഹൗസിൽ രൂപതാധികാരികളോടൊപ്പം തുടർപ്രവർത്തനങ്ങളെക്കുറിച്ചുള്ള ആലോചനയിൽ പങ്കുചേർന്നു. അടിയന്തിര, ഹ്രസ്വകാല, ദീർഘകാല കർമ്മപരിപാടികളെക്കുറിച്ചൊക്കെ ചർച്ച ചെയ്തു. ആ ചർച്ചയിൽ ഞാൻ അവിടത്തെ അധികാരികളോടുതന്നെ ചോദിച്ചു. ഇപ്പോഴത്തെ സാഹചര്യത്തിൽ എപ്രകാരം കെആർഎൽസിബിസി സാമൂഹ്യശുശ്രൂഷയും ബിസിസിയും സംയുക്തമായി എങ്ങനെ ദുരിതബാധിതരെ അടിയന്തിരമായി സഹായിക്കാമെന്ന് പല അഭിപ്രായങ്ങളും ഉയർന്നുവന്നുവെങ്കിലും അവസാനം ക്രിസ്തുമസ് കാലമെന്ന പ്രത്യേകത കണക്കിലെടുത്ത് നമ്മുടെ സഹോദരങ്ങളോടു പങ്കുചേരുന്നതിന്റെ അടയാളമായി താഴെ പറയുംപ്രകാരം അത്യാവശ്യ സാധനങ്ങളുൾപ്പെടുന്ന ഓരോ കിറ്റ് ദുരിതബാധിത തീരപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് ഈ ക്രിസ്തുമസ് പുതുവത്സരകാലത്ത് എത്തിച്ചുനല്കാൻ നിർദേശിക്കപ്പെട്ടു.

**ക്രിസ്തുമസ് കിറ്റിൽ ഉൾപ്പെടുത്താവുന്നവ:**

- അഞ്ചുകിലോ അരിയുടെ ഒരു പായ്ക്കറ്റ്
- പഞ്ചസാര/പയറുവർഗങ്ങൾ : ഒരു കിലോയുടെയോ അരക്കിലോയുടെയോ പായ്ക്കറ്റുകൾ
- കറി പൗഡറുകൾ - 100/200 ഗ്രാം പായ്ക്കറ്റുകൾ
- കാപ്പിപ്പൊടി/തേയില - 100/200/250/500ഗ്രാം പായ്ക്കറ്റുകൾ
- സോപ്പ്/പേയ്സ്റ്റ് എന്നിവ
- വസ്ത്രങ്ങൾ - സാരി, മുണ്ട്, ഷർട്ട്, കൈലി, തോർത്ത്, ലുങ്കി, ടീ ഷർട്ട്, ബെഡ്ഷീറ്റ് (പുതപ്പ്) എന്നിവ ( ദയവുചെയ്ത് പഴയവസ്ത്രങ്ങൾ മാറ്റുവാനുള്ള അവസരമായി ഇതു കാണരുത്. സാധ്യമാകുന്നിടത്തോളം ഒരു പുതുവസ്ത്രം തന്നെ പങ്കുവയ്ക്കാം)

**എങ്ങനെ പ്രാവർത്തികമാക്കാം**

എത്രയും പെട്ടെന്ന് ഈ വിവരം വേണ്ടപ്പെട്ടവരെയെല്ലാം അറിയിക്കുക. രൂപതാ സാമൂഹ്യസേവന വിഭാഗവും ബിസിസി ഡിപ്പാർട്ട്മെന്റും സംയുക്തമായി ഇത് ഏകോപിപ്പിക്കുന്നു. ഓരോ ബിസിസി യിലും എത്തത്തക്കവണ്ണം ഈ അറിയിപ്പു നല്കുക. ബിസിസികളിലെ സാമൂഹ്യശുശ്രൂഷാപ്രതിനി ധികളുടെ കൂടി ഉത്തരവാദിത്വത്തിൽ നിശ്ചിതസമയത്തിനകം ശേഖരിക്കുന്ന കിറ്റുകൾ ഇടവക സാമൂഹ്യ ശുശ്രൂഷാസമിതിയും ബിസിസി കേന്ദ്രസമിതിയും കൂടി നന്നായി പെട്ടികളിലാക്കി ഫെറോ നാതലത്തിലോ രൂപതാ തലത്തിലോ ശേഖരിച്ച് തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈ റ്റിയിൽ (ടി.എസ്.എസ്.എസ്) പ്രവർത്തിക്കുന്ന ദുരിതാശ്വാസ ഏകോപന സംവിധാനവുമായി ബന്ധ പ്പെട്ട് (ഫാ. ലെനിൻ രാജ് - 9495627990, ഫാ. ഡോണി - 8943086979) അവിടെയോ അവർ നിർദേ ശിക്കുന്ന ഇടവകകളിലോ എത്തിക്കുക. കിറ്റുകൾ ഒന്നിച്ചുകൊണ്ടുപോകാനുള്ള വാഹനങ്ങളും ആരെക്കൊണ്ടെങ്കിലും സ്പോൺസർ ചെയ്യിക്കുക.

രൂപതാ സാമൂഹ്യശുശ്രൂഷയും ബിസിസി ഓഫീസും സംയുക്തമായി ഈ പ്രവർത്തനം ഏകോപി പ്പിക്കണമെന്നഭ്യർത്ഥിക്കുന്നു. നിരാലംബമായ കുടുംബങ്ങളെ ഒരു നിശ്ചിതതുക നല്കി സഹായി ക്കാനോ അനാഥരായ കുട്ടികളെ നിശ്ചിത കാലത്തേക്ക് നിശ്ചിതതുക നല്കി സഹായിക്കാനോ ആരെങ്കിലും സന്നദ്ധരാണെങ്കിൽ അതും ടി.എസ്.എസ്.എസുമായി ബന്ധപ്പെട്ട് കൃത്യതയോടെ നിർവ ഹിക്കാവുന്നതാണ്.

നമ്മുടെ സാഹോദര്യത്തിന്റെയും ക്രൈസ്തവസ്നേഹത്തിന്റെയും ദൃശ്യമായ അടയാളമായി ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷങ്ങൾ ലളിതമാക്കി പങ്കുവയ്പിലൂടെ കൂടുതൽ ധന്യമാക്കാം. ഈ പ്രവർത്തനങ്ങൾ ഇന്ന സമയത്ത് പൂർത്തിയാക്കണമെന്ന് നിർദേശിക്കുന്നില്ല. എങ്കിലും അടിയ ന്തിരസ്വഭാവം പരിഗണിച്ച് സാധ്യമെങ്കിൽ പുതുവർഷാരംഭത്തോടെയെങ്കിലും പൂർത്തിയാക്കിയാൽ അഭികാമ്യം. ഞങ്ങളുടെ സന്ദർശനങ്ങളിൽ കണ്ട സന്തോഷകരമായ ഒരു കാര്യം പങ്കുവച്ചവസാനി പ്പിക്കുന്നു. ഈ ദുരിതം നേരിടുന്നതിൽ പോലിസും സർക്കാരും രാഷ്ട്രീയ ഉദ്യോഗസ്ഥ നേതൃത്വ വുമൊക്കെ പകച്ചുനിന്നപ്പോഴും ദുരിതാശ്വാസ - പുനരധിവാസ പ്രവർത്തനങ്ങളിൽ രാപകൽ അക്ഷീണം യത്നിക്കുന്ന തിരുവനന്തപുരം അതിരൂപതയിലെ പിതാക്കന്മാരെയും വൈദികസമൂഹ ത്തെയും അവരോട് ചേർന്ന് ദുഃഖത്തിന്റെയും നഷ്ടത്തിന്റെയും അമർഷത്തിന്റയും ഒക്കെ നടു വിലും ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥനയിൽ ശക്തിപ്പെടുന്ന വിശ്വാസസമൂഹത്തെയും കൈകൂപ്പി നമിക്കുന്നു.

നിങ്ങളുടെയെല്ലാം സഹകരണവും സ്നേഹവും തേടിക്കൊണ്ട് നിർത്തുന്നു.

ഈശോയിൽ സസ്നേഹം,

ഫാ. തോമസ് തറയിൽ
സെക്രട്ടറി, കെആർഎൽസിബിസി സാമൂഹ്യശുശ്രൂഷാകമ്മീഷൻ

*Copy to Bishops*